കവർസ്റ്റോറി

വി.എ മുഹമ്മദ് അശ്റഫ്

# സ്വവർഗരതി
# പ്രചാരണവും യാഥാർഥ്യങ്ങളും

**സ്വവർഗരതി ജീവിതശൈലിയായി സ്വീകരിക്കുകയോ അംഗീകരിക്കുകയോ ചെയ്യാത്ത വ്യക്തി പൊറുക്കാനാകാത്തവിധം അസഹിഷ്ണുത എന്ന പാപം ചെയ്യുകയാണെന്നാണ് വാദം. ഈ ജീവിത രീതി അംഗീകരിക്കാത്തവർ പഴഞ്ചന്മാരും മതമൗലികവാദികളും ഹോമോഫോബുകളുമായി മുദ്രകുത്തപ്പെടുന്നു.**



**സമകാലിക** ലോകത്തെ സ്ഫോടനാത്മകമായ വിഷയങ്ങളിലൊന്നാണ് സ്വവർഗരതി. ഇന്ത്യയിൽ ഈ വിവാദം പുതുതായി കെട്ടഴിച്ചു വിട്ടത് 2009 ജൂലൈ 2-ന് ദൽഹി ഹൈക്കോടതി നടത്തിയ വിധിയാണ്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 377-ാം വകുപ്പ് ഭരണഘടന ഉറപ്പു നൽകുന്ന അടിസ്ഥാന മൗലികാവകാശങ്ങൾക്കും (21-ാം വകുപ്പ്) തുല്യതക്കും (14-ാം വകുപ്പ്) വിവേചനരാഹിത്യത്തിനും (15-ാം വകുപ്പ്) എതിരായതുകൊണ്ട് റദ്ദ് ചെയ്യണമെന്നായിരുന്നു വിധി. സ്വവർഗരതിക്കാരുടെ അവകാശങ്ങൾക്കായി പൊരുതുന്ന നാസ് ഫൗണ്ടേഷൻ 2001-ൽ സമർപ്പിച്ച പൊതു താൽപര്യ ഹർജിക്ക് നൽകിയ വിധിയിലാണ് ദൂരവ്യാപക ഫലങ്ങളുളവാക്കുന്ന പരാമർശങ്ങളുള്ളത്.

ഭരണഘടനയുടെ 377-ാം വകുപ്പ് പറയുന്നതിങ്ങനെ: 'പ്രകൃതിയുടെ സ്വാഭാവിക മാർഗത്തിന് വിരുദ്ധമായി ഒരു പുരുഷനുമായോ സ്ത്രീയുമായോ മൃഗങ്ങളുമായോ ലൈംഗികബന്ധം പുലർത്തുന്നവക്ക് ജീവപര്യന്തം തടവോ അല്ലെങ്കിൽ പത്തുവർഷം തടവോ പിഴയോ ചുമത്തപ്പെടാവുന്നതാണ്.'

'സൊഡോമി' എന്ന പദത്തെ (പുരുഷന്മാർ നടത്തുന്ന സ്വവർഗരതി) പ്രകൃതിവിരുദ്ധമാം വിധം നടത്തുന്ന ഗുദഭോഗമായും മൃഗഭോഗമായും അമേരിക്കൻ ഹെറിറ്റേജ് ഡിക്ഷ്നറി വിശേഷിപ്പിക്കുന്നു.[1]

അതിശക്തമായ ലോബിയിംഗിലൂടെയും പ്രചാരണത്തിലൂടെയും നിയമപരമായി വിവാഹം ചെയ്ത

എതിർലിംഗ ദമ്പതികൾക്ക് ലഭ്യമാവുന്ന ആരോഗ്യ,പെൻഷൻ, നികുതിയിളവ് പോലുള്ള ആനുകൂല്യങ്ങളും ദത്തെടുക്കാനുള്ള അവകാശവും നേടിയെടുക്കാൻ ആസൂത്രിതമായ നീക്കങ്ങളാണ് സ്വവർഗഭോഗികൾ നടത്തുന്നത്. 1950കളുടെ മധ്യത്തോടെ തന്നെ 'ഹോമോഫോബിയ' എന്ന പദം അവർ ഉപയോഗത്തിൽ കൊണ്ടുവന്നു. സ്വവർഗരതിക്കാരെ വെറുപ്പോടെ കാണുന്ന പ്രവണതയെ ചെറുക്കാനായിരുന്നു ഇത്. 1971 മുതൽ ഈ പദം വ്യാപകമായി ഉപയോഗിക്കപ്പെട്ടു. തൽഫലമായി 'ഹോമോഫോബ്' ആവുക എന്നത് വളരെ മോശം കാര്യമായി പാശ്ചാത്യനാടുകളിൽ പൊതുവെ കരുതപ്പെടുന്നു. മാത്രമല്ല, വികസിതവും അല്ലാത്തതുമായ പാശ്ചാത്യരാഷ്ട്രങ്ങൾ ഈ രതിവൈകൃതത്തെ അംഗീകരിക്കുകയും വൈവാഹികാവസ്ഥയോട് തുല്യപ്പെടുത്തുകയും ചെയ്യുന്ന പ്രവണതയിലേക്ക് ത്വരിതഗമനം ചെയ്യുകയുമുണ്ടായി. ഗുദഭോഗവും അഗമ്യഗമനവും വേശ്യാവൃത്തിയും അശ്ലീല സിനിമകളും പരസ്പരം അംഗീകരിച്ചുള്ള വിവിധ രൂപത്തിലുള്ള കൂട്ടരതികളും സമൂഹ ഭദ്രതക്ക് ആവശ്യമാണെന്ന ഉത്തരാധുനിക പ്രചാരണം സമൂഹത്തിൽ സുദൃഢമായി.

സ്വവർഗരതി ജീവിതശൈലിയായി സ്വീകരിക്കുകയോ അംഗീകരിക്കുകയോ ചെയ്യാത്ത വ്യക്തി പൊറുക്കാനാകാത്ത വിധം അസഹിഷ്ണുത എന്ന പാപം ചെയ്യുകയാണെന്നാണ് വാദം.[2] ഈ ജീവിത രീതി അംഗീകരിക്കാത്തവർ പഴഞ്ചന്മാരും മതമൗലികവാദികളും ഹോമോഫോബുകളുമായി മുദ്രകുത്തപ്പെടുന്നു. 'സൊഡോമി' എന്ന പദത്തിന് പകരം 'പകരമുള്ള ജീവിത രീതി' എന്നായി ഉപയോഗം. മനുഷ്യ വൈവിധ്യത്തിനുള്ള മറ്റൊരു ഉദാഹരണമായി പാശ്ചാത്യ മീഡിയ പൊതുവെ സ്വവർഗരതിയെ കൊട്ടിഘോഷിക്കുന്നുമുണ്ട്.

## ചരിത്രാന്വേഷണം

വളരെ കുറഞ്ഞ ചില ജനവിഭാഗങ്ങളിൽ മാത്രമാണ് സ്വവർഗരതി പ്രകടമായി കണ്ടുവന്നിരുന്നത്. പൗരാണിക ഗ്രീക്ക്-റോമൻ സംസ്കാരങ്ങൾ സ്വവർഗാനുരാഗം അനുവദിച്ചിരുന്നു എന്നതിനാൽ അത് പ്രചാരത്തിലിരുന്നു. വിശുദ്ധ പൗലോസ് ജനിച്ച ഗ്രീക്ക്-റോമൻ സമൂഹത്തിൽ സ്വവർഗരതി ഗണനീയമായിരുന്നുവെന്നാണ് ചരിത്രം പറയുന്നത്.[3] റോമിലെ അഗസ്റ്റസിന്റെ കാലഘട്ടത്തിൽ



**ഭാഷ, ലൈംഗികസ്വഭാവങ്ങൾ പോലുള്ള സങ്കീർണമായ പെരുമാറ്റങ്ങൾ ജനിതകമായി മാത്രം ന്യൂനീകരിച്ച് മനസ്സിലാക്കാനാവില്ല. മാത്രമല്ല സ്വവർഗാനുരാഗ സ്വഭാവം ജീവി വർഗത്തിന് മൊത്തം പ്രത്യുൽപാദനവിരുദ്ധം കൂടിയായതുകൊണ്ട് ഹാനികരമായതിനാൽ ക്രമേണ ക്ഷയിച്ച് അപ്രത്യക്ഷമാവുകയും ചെയ്യുമായിരുന്നു.**

സ്വവർഗരതിക്കാരായ വ്യഭിചാരികളെ യഥേഷ്ടം തങ്ങളുടെ ഇഛകൾ നടത്താൻ അനുവദിക്കുകയും അവരിൽനിന്ന് നികുതി പിരിക്കുകയും ചെയ്തിരുന്നു.[4] ഹഡ്രിയാൻ എന്ന റോമൻ ചക്രവർത്തി സ്വയം തന്നെ സ്വവർഗരതിക്കാരനായിരുന്നു.[5]

ആധുനിക കാലഘട്ടത്തിലേക്ക് വരുമ്പോൾ 1918-ൽ പുതിയ സോവിയറ്റ് കുടുംബ നിയമവ്യവസ്ഥകൾ ഉണ്ടാകുകയും വിവാഹത്തിന് പകരം ജനനം കുടുംബത്തിന്റെ അടിത്തറയാകുകയും ചെയ്തു. വൈവാഹികബന്ധത്തിൽ പിറന്നതോ, വിവാഹേതര ബന്ധത്തിൽ പിറന്നതോ എന്ന വ്യത്യാസം പരിഗണിക്കപ്പെട്ടില്ല. അവിവാഹിതരായ അഛന്മാരെ സഹായിക്കാൻ നിയമം മുന്നോട്ടു വരികയും ചെയ്തു. എന്നാൽ ഈ പരിഷ്കരണം വലിയ ദുരന്തങ്ങളാണ് വരുത്തിവെച്ചത്. വിവാഹേതര ബന്ധത്തിൽ ജനിക്കുന്ന കുട്ടികളെ ഉപേക്ഷിക്കുന്ന പ്രവണത വ്യാപകമായി. അവസാനം ജോസഫ് സ്റ്റാലിൻ തന്നെ ഇടപെടുകയും 1944-ൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവാഹബന്ധം ദമ്പതികളും കുട്ടികളും തമ്മിലുള്ള ബന്ധത്തെ നിർണയിക്കുന്ന മാനദണ്ഡമാക്കുകയും ചെയ്തു. 'അവിഹിതം' എന്ന ആശയം തിരിച്ചുവരികയായിരുന്നു.[6]

'ജോസഫ് സ്റ്റാലിന്റെ കാലഘട്ടത്തിൽ സ്വവർഗരതി'യെ ബൂർഷ്വാ രോഗം എന്ന നിലയിലേക്ക് മാറ്റി. പിന്നീട് യെൽറ്റ്സിന്റെ കാലഘട്ടത്തിലാണ് ലെനിന്റെ നയം പുനഃസ്ഥാപിച്ചുകൊണ്ട് സ്വവർഗരതിക്ക് പുതുജീവൻ നൽകിയത്.

ചൈനയിലെ സാംസ്കാരിക വിപ്ലവകാലത്ത് (1960–1970) സ്വവർഗലൈംഗികതയെ സാമൂഹിക അപമാനവും മനോരോഗവുമായാണ് കണ്ടിരുന്നത്. പിന്നീട് ഇതിൽ അയവ് വരികയായിരുന്നു.

1973 ഡിസംബർ 15-ന് അമേരിക്കൻ സൈക്യാട്രിക് അസോസിയേഷൻ സ്വവർഗരതിയെ മനോരോഗപട്ടികയിൽനിന്ന് മാറ്റിയതാണ് പാശ്ചാത്യ നാടുകളിൽ ഇതു സംബന്ധമായി നടന്ന വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചത്.

സ്വവർഗവിവാഹം ആദ്യമായി നിയമവിധേയമാക്കപ്പെട്ടത് 2001-ൽ നെതർലാന്റിലാണ്. 2001 ഏപ്രിൽ ഒന്നിന് ആംസ്റ്റർഡാം സിറ്റി ഹാളിൽ ആദ്യ സ്വവർഗവിവാഹം നടന്നു. പിന്നീട് ദക്ഷിണാഫ്രിക്ക, നോർവേ, സ്വീഡൻ, ബെൽജിയം, സ്പെയിൻ, കാനഡ എന്നീ രാഷ്ട്രങ്ങളും ഈ പാത പിന്തുടർന്നു.

2004 മെയ് 17-ന് അമേരിക്കയിലെ മസാച്ചുസെറ്റ്സിലാണ് ആദ്യമായി സ്വവർഗ വിവാഹാനുമതി നൽകിയത്. തുടർന്ന് 2005-ൽ കണക്ടികട്ട്, നുയോവ, വെർമോണ്ട് എന്നിവയിലും 2006-ൽ ന്യൂ ജെഴ്സിയിലും അനുമതി നൽകി. ശേഷം കാലിഫോർണിയയും ന്യൂ ഹാംപ്ഷയർ, വാഷിംഗ്ടൺ, ഓറിഗൺ, കൊളമ്പിയ എന്നിവിടങ്ങളിലെ സ്വവർഗരതി പങ്കാളികൾക്ക് നിയമപരമായി ലഭിക്കുന്ന നിയമാനുകൂല്യങ്ങൾ ലഭ്യമാക്കാൻ നിയമം വന്നു.

തുർക്കി, ജോർദാൻ, അൽബേനിയ, കൊസോവ, ബോസ്നിയ-ഹെർസഗോവിന, ഇൻഡോനേഷ്യ എന്നിവിടങ്ങളിലും സ്വവർഗരതിക്ക് നിരോധനങ്ങളില്ല. എന്നാൽ സുഊദിഅറേബ്യ, ഇറാൻ, മൗറിത്താനിയ, സുഡാൻ, യമൻ, ഇറാഖ് എന്നിവിടങ്ങളിൽ കനത്ത ശിക്ഷ തന്നെ സ്വവർഗഭോഗികൾക്ക് ലഭിക്കും. ബഹ്റൈൻ, ഖത്തർ, അൾജീരിയ എന്നിവിടങ്ങളിൽ കനത്തതല്ലെങ്കിലും ജയിൽശിക്ഷക്ക് വിധേയരാവും.

## അടിസ്ഥാന മിത്തുകൾ

സ്വവർഗരതിക്ക് സാമൂഹികമായ

അംഗീകാരം നേടിയെടുക്കാൻ കുറെ മിത്തുകളെ സത്യങ്ങളായി അവതരിപ്പിച്ചു പ്രചാരണം നടത്തുകയാണ് ഈ വിഭാഗക്കാരുടെ ഒരു രീതി. അങ്ങനെ സമൂഹത്തിൽ വലിയൊരു വിഭാഗത്തിന്റെ പിന്തുണ ആർജിച്ചെടുക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. ലൈംഗിക ന്യൂനപക്ഷങ്ങൾ എന്ന നിലക്ക് പരാമർശിക്കപ്പെട്ടുകൊണ്ട് കൊടിയ സാമൂഹിക വിവേചനങ്ങൾക്കിരയാവുന്നുവെന്ന് അവർ ആക്രോശിക്കുന്നു.

അനിയന്ത്രിതമായ ലൈംഗിക പ്രകാശനത്തെപ്പോലും പരിണാമാത്മകമായി സാധൂകരിക്കുന്ന പ്രവണത ജീവശാസ്ത്രജ്ഞന്മാർക്കിടയിൽ കാണാം. ബാലരതി (പീഡോഫീലിയ) കുറ്റകരമാണെങ്കിലും ഈ ചെയ്തിക്ക് പ്രചോദകമായി ജൈവിക കാരണങ്ങളുണ്ട് എന്ന ന്യായീകരണം ചമയ്ക്കപ്പെട്ടിരിക്കുന്നു.[7]

### ജനിതക നിർണിതം?

ജനിതകമായി നിർണയിക്കപ്പെട്ട സ്വഭാവ സവിശേഷത മാത്രമാണ് സ്വവർഗാനുരാഗമെന്നതാണ് ഇക്കൂട്ടരുടെ മുഖ്യമായ അവകാശ വാദം. 2009 ജൂലൈ 2-ന് നടത്തിയ കോടതി വിധിയിൽ ദൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസ് 85-ാം പോയിന്റായാണ് ഇത് ഉന്നയിക്കുന്നത്. വ്യക്തിക്ക് തീരുമാനാധികാരമില്ലാത്തവിധം അന്തർലീനമായ (ജനിതക) സ്വഭാവമായി സ്വവർഗരതിയെ ജസ്റ്റിസ് എസ്. മുരളീധർ ഉയർത്തിക്കാട്ടുന്നു.

സ്വവർഗരതിക്ക് വേണ്ടി നിലകൊള്ളാനുള്ള മുഖ്യപ്രചോദകം, ആ വിധം ജനിക്കുന്നു എന്ന കരുതലാണെന്ന് ഈ വാദക്കാരൻ കൂടിയായ സൈമൺ ലീവേ പറയുന്നുണ്ട്.[8]


ഹാമറുടെ എക്സ് ക്രോമസോം ഗവേഷണവും[9] തലച്ചോറിലെ ഹൈപ്പോതലാമസിനെ സംബന്ധിച്ച ലീവേയുടെ പഠനവും[10] സമാന ഇരട്ടകളെ സംബന്ധിച്ച ബെയ്‌ലി, പില്ലാർഡ് എന്നിവരുടെ അന്വേഷണങ്ങളുമാണ്[11] ഇത് സംബന്ധമായി നടന്ന ചർച്ചകൾക്ക് തിരികൊളുത്തിയത്.

ഹാമറുടെ 40 സ്വവർഗരതിക്കാരായ പങ്കാളികളിൽ നടത്തിയ പഠനത്തിൽ 33 ശതമാനത്തിന്റെയും എക്സ് ക്രോമസോമിന്റെ ഒരു പ്രത്യേക ഭാഗം വ്യത്യസ്തമായി കണ്ടെത്തിയതായി അവകാശപ്പെടുന്നതായിരുന്നു. എന്നാൽ യേൽ സർവകലാശാലയിലെ നെയ്ൽ റിഷും കൂട്ടരും ഈ അവകാശവാദം തെറ്റെന്ന് തെളിയിച്ചു.[12] ഹാമറുടെയും കൂട്ടരുടെയും പഠനസംബന്ധമായി മീഡിയയിൽ വന്ന വാർത്തകൾ പെരുപ്പിച്ചു കാട്ടിയതായിരുന്നുവെന്ന് ഒരു ടീം അംഗമായിരുന്ന പറ്റാറ്റുച്ചി തന്നെ സമ്മതിച്ചു.[13]

ഹാമർതന്നെ പിന്നീട് തുറന്നു പറഞ്ഞു: 'ജീൻ ഭാഗികമായ ഉത്തരമാണെന്ന് നമുക്കറിയാം. എല്ലാ സ്വഭാവത്തിലുമെന്നതുപോലെ പരിസ്ഥിതികൾ ലൈംഗികാഭിനിവേശത്തിന്റെ വിഷയത്തിൽ വലിയൊരു പങ്ക് വഹിക്കുന്നുണ്ട്.'[14] 'ഞങ്ങളുടെ പഠനങ്ങൾ ജനിതക ഘടകങ്ങളെ തേടുകയാണ്; മനശ്ശാസ്ത്ര ഘടകങ്ങളെ നിഷേധിക്കുകയല്ല.'[15] പകുതിയോ അതിലധികമോ പേരുടെ സ്വവർഗാനുരാഗ സ്വഭാവത്തിന് പിന്നിൽ ജനിതക ഘടകങ്ങളില്ല എന്ന് ഇരട്ടകളിലെ പഠനം തെളിയിച്ചതായും ഹാമർ സമ്മതിച്ചു.[16]

സ്വവർഗ രതിക്കാരുടെ തലച്ചോറിലെ ഹൈപ്പോതലാമസിലെ ഒരു പ്രത്യേക ഭാഗത്തിന് വലുപ്പം കൂടിയിരിക്കുന്നതായിക്കണ്ട പഠനം മുന്നോട്ടുവെക്കുകയായിരുന്നു സ്വവർഗരതിയുടെ പ്രചാരകൻ കൂടിയായ സൈമൻ ലിവേ ചെയ്തത്.[17] ലീവേയുടെ ഗവേഷണത്തിൽ മയക്കുമരുന്നുപയോഗം, രോഗ ചരിത്രം എന്നിവ പരിഗണിക്കപ്പെടാത്തതിനാൽ ശാസ്ത്രീയമായില്ല എന്ന വിമർശം ഉയർന്നുവന്നു.[18]

**'സ്വവർഗദാമ്പത്യം' രണ്ട് വർഷം കടക്കുന്നത് വിരളമാണ്. അത്തരക്കാരിൽ അധികപേർക്കും 100 ലധികം പങ്കാളികളുണ്ടാകും. വെള്ളക്കാരായ 43 ശതമാനം സ്വവർഗഭോഗികൾക്കും അഞ്ഞൂറോ അതിലധികമോ ലൈംഗിക പങ്കാളികളുള്ളപ്പോൾ 28 ശതമാനം പേർക്ക് ആയിരമോ അതിലധികമോ ആണ് പങ്കാളികൾ.**




പിന്നീട് ലീവേ തന്നെ വെട്ടിത്തുറന്നു പറഞ്ഞു: 'പുരുഷന്മാർ സ്വവർഗരതിക്കാരായി ജനിക്കുന്നുവെന്ന് ഞാൻ പ്രഖ്യാപിച്ചിട്ടില്ല; എന്നാൽ ഈ വിധം എന്റെ ഗവേഷണം വളച്ചൊടിക്കപ്പെടുകയായിരുന്നു.'[19] ഹൈപ്പോതലാമസിൽ കാണുന്ന വ്യത്യാസം സ്വവർഗാനുരാഗ സ്വഭാവവുമായി ബന്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നും എക്സ് ക്രോമസോമുമായി ബന്ധപ്പെടുത്താനുള്ള ശ്രമം പരാജയമായിരുന്നുവെന്നും ലീവേ തന്നെ സമ്മതിച്ചു.[20]

ക്രോമസോമിലെ ഒരു പ്രത്യേക സ്വഭാവത്തിന്റെ മേഖലയായി പ്രത്യേക ഭാഗത്തെക്കുറിച്ച ധാരാളം അവകാശവാദങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയൊക്കെ പിന്നീട് പിൻവലിക്കപ്പെടുകയായിരുന്നുവെന്ന് ജനിതക ശാസ്ത്രകാരൻ ചാൾസ്മാൻ ഓർമപ്പെടുത്തുന്നു. ജീനുകളുടെ സ്വാധീനം സൂചിപ്പിക്കുന്ന അതേ ഡാറ്റ തന്നെ ജനിതകേതര സ്വാധീനങ്ങളും എടുത്തുകാട്ടുന്നുണ്ട്.[21]

മനുഷ്യന്റെ എക്സ്, വൈ ക്രോമസോമുകളെ മുഴുവൻ നിർണയിച്ചുകഴിഞ്ഞിരിക്കുന്നു. എക്സ് ക്രോമസോമിൽ 153 മില്യൻ ബേയ്സ് ജോഡികളുണ്ട്; മൊത്തം 1168 ജീനുകളും. അൽപം കൂടി ചെറിയ വൈ ക്രോമസോമിൽ 50 മില്യൻ ബേയ്സ് ജോഡികളും 251 ജീനുകളുമാണുള്ളത്.

ജനിതക വിദഗ്ധനായ വൈറ്റ്ഹെഡ്മാർ പറയുന്നു: 'മനുഷ്യസ്വഭാവം നിർണയിച്ചത് പ്രകൃതിയും (ജനിതകം) പരിതസ്ഥിതിയും ചേർന്നാണ്. ജീനുകളില്ലെങ്കിൽ പരിതസ്ഥിതിയിൽ നിങ്ങൾക്ക് പ്രവർത്തിക്കാനാവില്ല. എന്നാൽ പരിതസ്ഥിതിയില്ലെങ്കിൽ നിങ്ങളുടെ ജീനിനും പ്രവർത്തിക്കാനാവില്ല.'[22]

പരിതസ്ഥിതി ഘടകങ്ങളിൽ മുഖ്യമായത്, അനുഭവിക്കേണ്ടി വന്ന ലൈംഗിക അതിക്രമങ്ങളാണ്. ലിംഗസ്വത്വ ബോധത്തിന്റെ സ്വാഭാവിക വളർച്ചയെ ഇത് ചിലപ്പോൾ അട്ടിമറിച്ചുകളയുന്നു.

സ്വവർഗരതിക്ക് ഗ്രിഗർ മെൻഡലിന്റെ പാരമ്പര്യഘടകം കണ്ടെത്തുന്നതിൽ

പരാജയപ്പെട്ടിരിക്കുന്നതായി ജനിതക വിദഗ്ധർ പൊതുവെ സമ്മതിക്കുന്നു.[23]

ജീനുകൾ പരിതസ്ഥിതികളിൽ എങ്ങനെ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുവെന്നാണ് ബിഹേവിയറൽ ജനിതകം പഠിക്കുന്നത്.[24] പ്രസ്തുത ശാഖ പരിസ്ഥിതീയ ജനിതക ഘടകങ്ങളിൽ ഒന്ന് മറ്റേതിനേക്കാൾ അധികാര ശക്തിയുള്ളതല്ലെന്ന് സൂചിപ്പിക്കുന്നുണ്ട്.[25]

കുഞ്ഞുങ്ങളെ വളർത്തുക പോലുള്ള സങ്കീർണ സ്വഭാവങ്ങൾ 'സ്നേഹം' എന്ന വികാരവുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്. ഇതുപോലും ജനിതക നിർണിതമെന്നോ പരിതസ്ഥിതി നിർണിതമെന്നോ പറയാനാവില്ല.[26] ജനിതകം നമ്മുടെ വിധിയെ പരമമായി നിർണയിക്കുന്നില്ല.[27] ഓരോ ജീനും പ്രക്രിയയിൽ ഉൾപ്പെട്ട ഒരു പ്രോട്ടീനെ മാത്രമാണ് നിർണയിക്കുന്നത്.[28] മനുഷ്യ സ്വഭാവം അനേകം ജീനുകളുടെയും അനേകം പരിസ്ഥിതീയ ഘടകങ്ങളുടെയും സങ്കീർണമായ സമ്മിശ്രണ ഫലമാണ്.[29]

ബന്ധുക്കളുടെ ജീൻഘടന മാത്രമല്ല, പരിസ്ഥിതീയ ഘടകങ്ങളും സാധർമ്യം പുലർത്തുന്നതാവും. സമാന ഇരട്ടകളുടെ പഠനത്തിൽ ഇക്കാര്യം പരിഗണിക്കേണ്ടതുണ്ടെന്ന് വിഖ്യാത ജീവശാസ്ത്രജ്ഞന്മാർ ഓർമപ്പെടുത്തുന്നുണ്ട്.[30] എന്നിട്ടും സമാന ഇരട്ടകൾ സ്വവർഗഭോഗികളായി മാറുന്നത് വെറും 38 ശതമാനം മാത്രമാണെന്ന് ചില പഠനങ്ങൾ കാണിക്കുന്നു. ബ്രിട്ടീഷ് ജേർണൽ ഓഫ് സൈക്യാട്രി 1992 മാർച്ചിൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ സമാന ഇരട്ടകളിലെ 25 ശതമാനം മാത്രമേ സ്വവർഗരതിക്കാരായി മാറുന്നുള്ളൂ.

ഭാഷ, ലൈംഗികസ്വഭാവങ്ങൾ പോലുള്ള സങ്കീർണമായ പെരുമാറ്റങ്ങൾ ജനിതകമായി മാത്രം ന്യൂനീകരിച്ച് മനസ്സിലാക്കാനാവില്ല. മാത്രമല്ല സ്വവർഗാനുരാഗ സ്വഭാവം ജീവി വർഗത്തിന് മൊത്തം പ്രത്യുൽപാദനവിരുദ്ധം കൂടിയായതുകൊണ്ട് ഹാനികരമായതിനാൽ ക്രമേണ ക്ഷയിച്ച് അപ്രത്യക്ഷമാവുകയും ചെയ്യുമായിരുന്നു. ഇക്കാരണത്താൽതന്നെ, അവർ എത്രയോ മുമ്പു തന്നെ ഇല്ലാതാകണമായിരുന്നു എന്ന പ്രശ്നം പരിണാമപരമായിത്തന്നെ ഉന്നയിക്കപ്പെടാം.

## പ്രത്യുൽപാദനപരമല്ലാത്ത ലൈംഗികത

പ്രത്യുൽപാദനപരമല്ലാത്ത ലൈംഗികത സ്ത്രീ-പുരുഷ ദാമ്പത്യത്തിൽ പരക്കെ കാണുന്നതാണ്. ഇതുപോലെ തന്നെ സ്വവർഗ ലൈംഗികതയെ പരിഗണിക്കാമെന്നതാണ് മറ്റൊരു മിത്ത്. പ്രത്യുൽപാദന ലക്ഷ്യത്തോടെയല്ലാതെയുള്ള ലൈംഗികത നമ്മുടെ സംസ്കാരം അംഗീകരിച്ചിട്ടുള്ളതാണെങ്കിലും ചില ജൈവശാസ്ത്ര ഗുണങ്ങൾ ഇവിടെയും പരിഗണിക്കപ്പെടേണ്ടതുണ്ട്. എതിർലിംഗ ഇണയുമായി ബന്ധപ്പെട്ട് കഴിയാനാണ് പ്രകൃതി മനുഷ്യനിൽ ലൈംഗികേഛ ജനിപ്പിച്ചിരിക്കുന്നത്. ലൈംഗികതൃഷ്ണ ദാമ്പത്യബന്ധം തുടരാനും കുട്ടികളെ സംരക്ഷിക്കാനുമുള്ള തൃഷ്ണ ഊട്ടിയുറപ്പിക്കുന്നുണ്ട്. അതേസമയം സ്വവർഗലൈംഗികതക്ക് ഈ ന്യായീകരണങ്ങളില്ല. നൈസർഗികമായിത്തന്നെ അത് മച്ചിയാണ്. സ്ഥായിയായ ജൈവാടിത്തറയില്ലാത്തതും താൽക്കാലികമായ ശാരീരിക-മാനസിക തൃപ്തിമാത്രം നൽകുന്നതുമാണ് സ്വവർഗരതി.

## ലൈംഗിക ന്യൂനപക്ഷവാദം

കറുത്തവർഗക്കാർ, സ്ത്രീകൾ തുടങ്ങിയ ജനിതക നിർണിതാവസ്ഥകളെ ഉദാഹരിച്ചുകൊണ്ട് തങ്ങൾ ലൈംഗിക ന്യൂനപക്ഷമാണെന്ന വാദവും ഇക്കൂട്ടർ ഉയർത്തുന്നു.

10 ശതമാനം മുതൽ 15 ശതമാനം വരെ അമേരിക്കക്കാർ മദ്യാസക്തരാണ് എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. മദ്യാസക്തി സാധാരണ ആരോഗ്യാവസ്ഥയായി പരിഗണിക്കപ്പെടുന്നില്ല. 95 ശതമാനം പേരും മദ്യപരാകുന്ന സമൂഹത്തിൽപോലും ഇത്തരമൊരവകാശവാദത്തിന് പ്രസക്തിയില്ല.

സ്ത്രീ-പുരുഷ ലൈംഗികതക്ക് അനുയോജ്യമായാണ് മനുഷ്യ ശരീരത്തിന്റെ രൂപകൽപന. ജൈവപരമായും ശരീരശാസ്ത്രപരമായും അതീവ സൂക്ഷ്മാംശങ്ങളിൽപോലും ഇത് ദർശിക്കാം. പരസ്പരം ചേരാൻ പ്രത്യേകമായി സംവിധാനിച്ചത് പോലെയാണ് സ്ത്രീ-പുരുഷ ലൈംഗികാവയവങ്ങൾ. അത്ഭുതകരമായ എതിർലിംഗ പാരസ്പര്യം പ്രാചീനർ പോലും ദർശിച്ചിരുന്നു. പ്രായപൂർത്തിയാവുന്നതോടെ ആൺ-പെൺ ലിംഗ വിഭാഗങ്ങൾ സ്വാഭാവികമായിത്തന്നെ ആകർഷിക്കപ്പെടുന്നു. എതിർലിംഗ ലൈംഗികത ഇതിന്റെ സ്വാഭാവിക പരിണതി മാത്രമാണ്. നേരെ മറിച്ച് സ്വവർഗഭോഗം അപകടകരമാം വിധം അനാരോഗ്യപൂർണമാണെന്ന് തെളിവുകൾ സൂചിപ്പിക്കുന്നു.

## സ്വവർഗാനുരാഗം പ്രകൃതിയിൽ?

പ്രകൃതിയിൽ വിവിധ ജന്തുക്കളിൽ സ്വവർഗ ലൈംഗിക ബന്ധങ്ങൾ കാണാമെന്ന തുരുപ്പുചീട്ടും സ്വവർഗരതി പ്രചാരകർ ഉന്നയിക്കാറുണ്ട്. വളരെ ന്യൂനപക്ഷം വരുന്ന ചില ജന്തുക്കളിൽ അസാധാരണമായി മാത്രം കാണപ്പെടുന്ന ഈ സ്വഭാവം ഒറ്റപ്പെട്ടവ മാത്രമാണെന്നും സ്വവർഗരതിയെന്ന് പറയാനാവാത്ത തരമാണെന്നും സ്വവർഗാനുരാഗ ഗവേഷകൻ ലീവേ പോലും സമ്മതിക്കുന്നുണ്ട്.[31]

പ്രകൃതിയിൽ കാണപ്പെടുന്ന മറ്റു ചില സ്വഭാവ വൈകൃതങ്ങളും ഇതേ ന്യായം മുൻനിർത്തി ന്യായീകരിക്കപ്പെടാം. സ്വന്തം കുഞ്ഞുങ്ങളെ തിന്നുന്ന ജന്തുക്കളുണ്ട്. സ്വന്തം വർഗത്തിലെ ഏറ്റവും ചെറിയ പെൺ ഇനങ്ങളെ ലൈംഗികതക്കിരയാക്കുന്ന ബാലരതി സ്വഭാവം അവയിലൊന്നാണ്. സീലുകളിൽ ഇത് വ്യാപകമാണ്. മുതിർന്ന കൊമാഡോ ഡ്രാഗണുകളുടെ 10 ശതമാനവും ഭക്ഷണത്തിനായി കുഞ്ഞു കൊമാഡോ ഡ്രാഗണുകളെ ഉപയോഗിക്കുന്നു. അഗമ്യഗമനവും ജന്തുക്കളിൽ കാണാം. മക്കളും മാതാപിതാക്കളും തമ്മിലുള്ള ലൈംഗിക ബന്ധത്തിന് ഇത് ന്യായീകരണമാവുമോ?

## സ്വവർഗ ദാമ്പത്യം?

സ്വവർഗരതിക്കാർ തമ്മിലുള്ള ബന്ധം എതിർലിംഗവിഭാഗക്കാരെപോലെയുള്ള ദാമ്പത്യബന്ധമാണെന്ന് ഇവർ വാദിക്കുന്നു. മാത്രമല്ല, തങ്ങൾ ദത്തെടുത്ത് വളർത്തുന്ന കുട്ടികൾക്ക് മറ്റുള്ള കുട്ടികളെപ്പോലെ തന്നെ ബുദ്ധി, വളർച്ച, ധാർമികത, വ്യക്തിത്വം, സാമൂഹികത, ലിംഗബോധം എന്നിവയുള്ളതായും അവകാശപ്പെടുന്നുണ്ട്.[32]

എന്നാൽ ഇക്കൂട്ടർ ദത്തെടുക്കുന്ന കുട്ടികൾക്ക് മറ്റുള്ളവർ ദത്തെടുക്കുന്നവരെപ്പോലെ മാതൃ-പിതൃ സംരക്ഷണങ്ങളോ സുരക്ഷിതത്വമോ ലഭ്യമാകുന്നില്ല എന്നാണ് പഠനങ്ങൾ കാണിക്കുന്നത്.

'സ്വവർഗദാമ്പത്യം' രണ്ട് വർഷം കടക്കുന്നത് വിരളമാണ്. അത്തരക്കാരിൽ അധികപേർക്കും 100 ലധികം പങ്കാളികളുണ്ടാകും.[33] വെള്ളക്കാരായ 43 ശതമാനം സ്വവർഗഭോഗികൾക്കും അഞ്ഞൂറോ അതിലധികമോ ലൈംഗിക പങ്കാളികളുള്ളപ്പോൾ 28 ശതമാനം പേർക്ക് ആയിരമോ അതിലധികമോ ആണ് പങ്കാളികൾ.[34] പങ്കാളികളെ ധാരാളമായി മാറിക്കൊണ്ടിരിക്കുന്ന ഇത്തരം വഷളത്തരത്തെയാണ് 'ദാമ്പത്യം' എന്ന് ഇവർ വിളിക്കുന്നത്!

മാത്രമല്ല, സ്വവർഗ പങ്കാളികൾ തമ്മിലുള്ള കുടുംബകലഹം എതിർലിംഗ പങ്കാളികളുടേതിന്റെ ഇരട്ടിയോളമാണ്.[35]

## 10ശതമാനം സ്വവർഗാനുരാഗികൾ?


അമേരിക്കയിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു കണക്കനുസരിച്ച് അവിടുത്തെ 13 ശതമാനം പുരുഷന്മാരും 7 ശതമാനം സ്ത്രീകളും സ്വവർഗാനുരാഗികളാണ്.[36] 1948ലെ കിൻസി റിപ്പോർട്ടിലാണ് ഊതിവീർപ്പിച്ച 10 ശതമാനം എന്ന കണക്ക് ആദ്യമായി പ്രത്യക്ഷപ്പെട്ടത്. ഈ പെരുപ്പിച്ചുകാട്ടൽ പ്രക്രിയ നടന്ന രീതിയെന്തെന്ന് പോലും പിന്നീട് കണ്ടുപിടിക്കപ്പെട്ടു. യഥാർഥത്തിൽ അവരുടെ സംഖ്യ 2 ശതമാനം മുതൽ 3 ശതമാനം വരെ മാത്രമാണെന്ന യാഥാർഥ്യബോധത്തോടെയുള്ള കണക്കും ഗവേഷകർ മുന്നോട്ടുവെച്ചു.[37]

10ശതമാനം എന്നത് അത്യന്തം പെരുപ്പിച്ചു കാട്ടിയതാണെന്ന് ഇത് സംബന്ധിച്ച അനേകം അന്വേഷണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.[38] മറ്റൊരു പഠനം ഇക്കൂട്ടരുടെ സംഖ്യ 1 ശതമാനത്തിൽ താഴെ മാത്രമായി നിർണയിക്കുന്നു.[39] വേറൊരു പഠനം 1 ശതമാനം മുതൽ 3 ശതമാനമായി കണക്കാക്കുന്നു.[40]

ഊതിവീർപ്പിച്ചു കൊണ്ടുള്ള തോത് തങ്ങളുടെ സ്വാധീനം വിപുലമാക്കാനുള്ള തന്ത്രമായിരുന്നുവെന്ന് പിന്നീട് അവരിൽ തന്നെയുള്ള ചില നേതാക്കൾ സമ്മതിച്ചിട്ടുമുണ്ട്.

## മാറ്റാനാവാത്ത സ്വഭാവം?

'ഡൗൺ സിൻഡ്രോം' എന്ന ജനിതക രോഗവുമായി ജനിക്കുന്നവർ ജീവിതാവസാനം വരെ അതുമായി തുടരേണ്ടിവരും എന്ന സ്വവർഗരതി പ്രചാരകരുടെ വാദത്തെ ഖണ്ഡിക്കുന്ന തെളിവുകൾ കിട്ടിക്കഴിഞ്ഞു. ടെക്സാസ് ടെക്ക് സർവകലാശാലയിലെ ട്രാവിസ് ഗാർലന്റും കൂട്ടരും ചേർന്ന് നടത്തിയ ഒരു പഠനമനുസരിച്ച് തുടക്കത്തിൽ എതിർലിംഗരതിക്കാരായിരുന്ന പലരും ജയിൽ ശിക്ഷാവേളയിൽ സ്വവർഗരതിക്കാരായി മാറുന്നുവെന്നാണ് കണ്ടെത്തൽ. ചെറിയ കാലയളവിലേക്ക് ശിക്ഷിക്കപ്പെട്ടവരിൽ സ്ത്രീ-പുരുഷ ബന്ധമാണ് കൂടുതൽ കാണപ്പെട്ടത്. മിക്ക കേസുകളും മാറ്റിയെടുക്കാനാകുമെന്ന് സ്പിറ്റ്സറുടെ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. 200 സ്വവർഗരതിക്കാരിൽ നടത്തപ്പെട്ട പഠനത്തിൽനിന്ന് അവരിൽ ചിലർക്കെങ്കിലും ഈ സ്വഭാവത്തിൽനിന്ന് രക്ഷനേടാനായെന്ന് കണ്ടെത്തി.[42]


■ സമൺ ലീവേ

**പ്രകൃതിയിൽ വിവിധ ജന്തുക്കളിൽ സ്വവർഗ ലൈംഗിക ബന്ധങ്ങൾ കാണാമെന്ന തുരുപ്പുചീട്ടും സ്വവർഗരതി പ്രചാരകർ ഉന്നയിക്കാറുണ്ട്. വളരെ ന്യൂനപക്ഷം വരുന്ന ചില ജന്തുക്കളിൽ അസാധാരണമായി മാത്രം കാണപ്പെടുന്ന ഈ സ്വഭാവം ഒറ്റപ്പെട്ടവ മാത്രമാണെന്നും സ്വവർഗരതിയെന്ന് പറയാനാവാത്ത തരമാണെന്നും സ്വവർഗാനുരാഗ ഗവേഷകൻ ലീവേ പോലും സമ്മതിക്കുന്നുണ്ട്.**

ജോൺ ഹോപ്കിൻസ് സ്കൂൾ ഓഫ് മെഡിസിനിലെ ഗവേഷകൻ ജോൺ മണി പറയുന്നു: 'കുട്ടിയുടെ മനോ-ലൈംഗിക സ്വത്വം ജനിതക കോഡിലോ ഹോർമോൺ വ്യവസ്ഥയിലോ തലച്ചോറിലെ ജനനവേളയിൽ എഴുതപ്പെട്ടിട്ടില്ല.'[43]

ഒരു നിലക്കും മാറ്റാനാവാത്ത രോഗം എന്ന ധാരണയാണ്, സ്വവർഗരതിക്കാർക്ക് പ്രത്യേക പരിഗണനപോലും കൊടുക്കുന്ന ദേശീയ പോളിസികൾ പല രാജ്യങ്ങളിലും നിലനിൽക്കുന്നതിന്റെ അടിസ്ഥാനമെന്ന് അറിയുക. ■

അടുത്ത ലക്കത്തിൽ
**സ്വവർഗരതി ഒരു രോഗാവസ്ഥ**

## റഫറൻസ്

1. American Heritage Dictionary of the English Language, Houghton Miffin MA, 2000, p.165.
2. Allan Bloom, The Closing of the American Mind, Simon and Schuster: NewYork, 1987, p.25.
3. Joseph A Fitzmyer, Romans, Doubleday: New York, 1993, p. 275
4. John Boswell, Christianity, Social Tolerance and Homosexuality, University of Chicago Press: Chicago, 1980, p.70
5. Ibid, p.84
6. Jenny Teichman, Illegitimacy : An Examination of Bastardy, Cornell University Press: New York, 1982, p. 15B-161
7. Joann Rodgers, Sex: A Natural History, Henry Holt: New York, 2001, p. 429
8. Simon Levay, Queer Science, MIT Press: Cambridge, 1996, p. 282
9. D.H. Hamer et al; A Linkage between DNA markers on the X chromosome and male sex Orientation, Science 261 (5119): 321-327, 1993
10. S. Levay, The Sexual Brain, MIT Press: Cambridge, 1993
11. J.M. Bailey, R.C Pillard, A Genetic Study of Male Sexual Orientation, General Psychiatry 48(12): 1089-1096, 1991
12. The Scientist, February 6, 1995
13 D.H Hamer, P. Copeland, The Science of Desire, Simon and Schuster: New York, 1994, p. 82
15. T. Anastasia, New Evidence of Gay Gene, Time Magazine, Vol. 146, 1995 p.43
16. Gay Gene Revisted; Scientific American, November, 1995, p.26
17. S. Levay, A Difference in Hypothalamic Structure between heterosexual and homosexual man, Science, August 30, 1991, p. 1034-1037
18. P. Billing and J. Beckwith, Born Gay? Technology review, July 1993, p. 60
19. D. Nimmons, Sexual Brain, Discover, vol. 5 (1994), p. 3
20. Joe Dallas, A strong Delusion, Harvest House : OR, 1996, p. 112-116
21. Charles Mann, Behavioral Genetics in Transition, Science, Vol 264, June 17, 1994, p. 1687
22. N. Whitehead B. Whitehead, My Genes Made Do it, Huntington House: Lafayette, 1999, p.10
23. D. Harmer, P. Copeland, Op. cit, p. 104
24. C. Baker, Behavioral Genetics, AAAS: New York, 2004, p. 17
25. R. Plomin et al, Behavioral Genetics: A Primer, W.H. Freeman: Sanfrancisco, 1980,

p. 374
26. M. Ridley, Nature Via Nature, Harper Collins: New York, 2003, p. 246
27. R. Plomin et al, Op. Cit, P. 13
28. R. Hubbard, E. Wald, Exploding the Gene Myth, Becon Press: Boston, 1999, p. 44
29. C. Baker, Op. Cit, p. 18
30. Richard Lewontin et al, Not in Our Genes, Pantheon Books: New York, 1984, p.99
31. S. Levay, Queer Science, M.I.T Press: Cambridge, 1996, p. 207
32. M.N Matlin, Psychology, Harcourt Brake College Publishers: Texas, 1999, p. 366
33. M. Pollack, Male Homosexuality in Western Society Edited by ; Phillipine Aries and Andre Bejin), Blackwell : New York, 1985, p. 40-61
34. A.P Bell, M.S Weinberg, Homosexualitis, Simon & Schuster: New York, 1978, p. 308-309
35. D. Island, P. Letellier, Men Who Beat the Men Who Love Them, Haworth Press: New York, 1991, p. 14
36. Tan and Nancy Biracree, Almanac of the American People, Facts on File: New York, 1988, p. 180-182
37. John O.G. Billy et al; the Sexual Behavior of Men in the U.S, Family Planning Perspectives, Vol 25, No. 2, March-April 1993
38. Burce Voeller, Homosexuality, Heterosexuality: Concepts of Sexual Orientation, OUP: New York, 1990, p. 35
39. Robert E. Fay et al, Prevalence and Patterns of Same-Gender Sexual contact Among Men, Science, January 20, 1989, p. 338-348
40. Robert T. Michael et al, Sex in America: A Definitive Survey, Little, Brown & Co: Boston, 1984, p. 176
41. Garland et al, Impact of Time in Prison and security Level on inmates. Sexual attitude, Behaviour and Identity, Psychological Service, Vol.2, No.2, p. 151-162, 2005
42. Robert L. Spitzer, Archieves of sexual Behaviour, Vol. 32, No.5, October 2003, P. 407-417
43. John W. Money, Sexual Dimorphism and Homosexual Gender Identity, In Perspectives in Human Sexuality, (Edited: N.W Wagner), Behavioral Publication: New York, 1974, p. 67